(സി) 10.5.99-ലെ ഉത്തരവനുസരിച്ച് ജോലിചെയ്ത കാലത്തെ ശമ്പളം നൽകാൻ സുപ്രീംകോടതിയുടെ അനുവാദം ലഭിച്ചിട്ടുള്ളതിനാൽ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവുകൾ അയച്ചുതുടങ്ങി. നിയമനം അംഗീകരിച്ചുകഴിഞ്ഞാലുടൻ ശമ്പളം നൽകുന്നതാണ്.

66 (210) കാസർഗോഡ് ജില്ലയിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇതുവരെയായി എത്ര അദ്ധ്യാപകരുടെ തസ്തികകൾ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ ഏതു വിഭാഗത്തിലുള്ള അദ്ധ്യാപക തസ്തികകളാണ്;

(സി) പ്രസ്തുത ഒഴിവുകൾ മുഴുവനും എന്നേക്കു നികത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

67 (211) സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ നിയമനങ്ങൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിലെ നിയമനങ്ങൾ ഉൾപ്പെടെയുള്ളവയുടെ അഡ്മിനിസ്ട്രേഷൻ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര മ്യൂസിയം ഡയറക്ടർ നിയമനം ഗവേണിംഗ് ബോഡിയുടെ ശുപാർശ അനുസരിച്ച് ഗവൺമെന്റ് നടത്തണമെന്ന മ്യൂസിയം നിയമാവലി അനുസരിച്ചാണോ ഇപ്പോഴത്തെ ഡയറക്ടർ നിയമനം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) മ്യൂസിയത്തിന്റെ എത്രാമത്തെ ഗവേണിംഗ് ബോഡിയാണ് ഇപ്പോഴത്തെ ഡയറക്ടറെ നിയമിക്കാനുള്ള ശുപാർശ നൽകിയത്;

(ഡി) ഇല്ലെങ്കിൽ ചട്ടം പാലിക്കാതെ ഡയറക്ടറെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) 1999 മാർച്ച് 31-ന് കാലാവധി തീർന്ന നിലവിലുള്ള ഡയറക്ടറുടെ കാലാവധി ചട്ടങ്ങൾ മറികടന്ന് വീണ്ടും നീട്ടികൊടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ ഭരണകാര്യങ്ങൾ മ്യൂസിയത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലുള്ള റൂൾസ് ആന്റ് റെഗുലേഷൻസ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമനമടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റിനുള്ള അധികാരങ്ങളും അവകാശങ്ങളും ടി വ്യവസ്ഥകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി)(സി)&(ഡി) മ്യൂസിയത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ റൂൾസ് ആന്റ് റഗുലേഷൻസ് പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ഇപ്പോഴത്തെ ഡയറക്ടറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്.

(ഇ) ചട്ടങ്ങൾക്ക് വിധേയമായാണ് ഡയറക്ടറുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

68 (212) ഹൈവേ വികസിപ്പിക്കുന്ന നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മുതൽ കൃഷ്ണപുരം വരെയുള്ള നാഷണൽ ഹൈവേ ആധുനികരീതിയിൽ വികസിപ്പിച്ച് ഗതാഗതം ക്രമപ്പെടുത്താനുള്ള നടപടികൾ ഏതവസ്ഥയിലാണ്;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ; എസ്റ്റിമേറ്റ് തുക എത്രയാണ്; ടെണ്ടർ ചെയ്തോ; ടെണ്ടർ തുക എത്രയാണ്;

(സി) പണി ആരംഭിക്കുന്നതിന് മുമ്പുള്ള കേന്ദ്ര സർക്കാരിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയോ; വിശദാംശം നൽകുമോ;

(ഡി) ഈ റോഡരികിലെ മരംമുറിക്കാൻ നടപടികൾ പൂർത്തിയായോ;

(ഇ) ഈ വികസനത്തിന്റെ ഭാഗമായി കായംകുളം കെ.എസ്.ആർ.ടി.സി. സ്റ്റേഷന് സമീപം ഹൈവേയിൽനിന്ന് പട്ടണത്തിലേയ്ക്കുള്ള റോഡ് ഗതാഗതം പുനഃസംവിധാനം ചെയ്യാൻ ഉദ്ദേശ്യമുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ)(ബി)&(സി) കൃഷ്ണപുരം മുതൽ ഹരിപ്പാട് വരെയുള്ള നാഷണൽ ഹൈവേ രണ്ടുവരിപ്പാതയാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് 14 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. മുൻകൂട്ടി യോഗ്യതയുള്ള കരാറുകാരിൽനിന്നും ടെണ്ടർ വിളിച്ച് കുറഞ്ഞ നിരക്കിൻപ്രകാരം 18,63,18,708/- രൂപയ്ക്കുള്ള ടെണ്ടർ റിവയിസ്ഡ് എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിലേയ്ക്ക് അനുമതിക്കായി അയച്ചു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദ്ദേശപ്രകാരം വീണ്ടും ടെണ്ടർ വിളിച്ച് കുറഞ്ഞ നിരക്കിൻപ്രകാരം 15,36,50,105/- രൂപയ്ക്കുള്ള ടെണ്ടർ റിവയിസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽനിന്നും അനുമതി ലഭിച്ചുകഴിഞ്ഞാലുടനെ പണി തുടങ്ങുന്നതാണ്. ഈ എസ്റ്റിമേറ്റിന് കേന്ദ്ര എക്സ്പെൻഡിച്ചർ ഫൈനാൻസ് കമ്മിറ്റിയുടെ അനുമതിയും ലഭിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly